(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കടൽക്ഷോഭംമൂലം വീടുനഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവർക്ക് ഇതുവരെ എന്തുതുക സഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(എഫ്) കടലാക്രമണം മൂലവും വെള്ളപ്പൊക്കക്കെടുതി മൂലവും മത്സ്യ ബന്ധനത്തിന് ഏർപ്പെടാൻ കഴിയാത്ത മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷനും മറ്റു ആനുകൂല്യങ്ങളും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഇപ്പോൾ ഭവനനിർമ്മാണത്തിനായി 35,000/-രൂപ ധനസഹായം മത്സ്യത്തൊഴിലാളികൾക്കു നൽകിയിട്ടുണ്ട്. ഭവനരഹിതരായവർക്കും പ്രകൃതി ക്ഷോഭംമൂലം കഷ്ടപ്പെടുന്നവർക്കും മുൻഗണന നൽകി വീടുവയ്ക്കാനുള്ള സഹായം ഫിഷറീസ് ഡിപ്പാർട്ടുമെന്റ് നൽകുന്നു.

കടൽക്ഷോഭംമൂലം വീട് നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളെ താത്ക്കാലികമായി പുനരധിവസിപ്പിക്കുന്നതിന് റവന്യൂ അധികൃതരുമായി സഹകരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള കെട്ടിടങ്ങളും മറ്റ് ലഭ്യമായ സൗകര്യങ്ങളും ഇക്കാര്യത്തിന് താത്ക്കാലികമായി ഉപയോഗപ്പെടുത്തുന്നുണ്ട്.

(ഡി) 85,500/ രൂപ മത്സ്യഫെഡിൽ നിന്നും നൽകിയിട്ടുണ്ട്.

(ഇ) സ്വീകരിക്കുന്നതാണ്.

(എഫ്) ദുരിതാശ്വാസക്യാമ്പിൽ കഴിയുന്നവർക്ക് സൗജന്യറേഷൻ നൽകുന്നുണ്ട്.

(ജി) ചോദ്യം ഉദിക്കുന്നില്ല.

103 (627) ഔട്ട്ബോർഡ് എൻജിൻ പരിശോധന

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. വി. ബാലറാം</u> :
<u>ശ്രീ. കെ.എ. ചന്ദ്രൻ</u> :
<u>ഡോ. എം.എ. കുട്ടപ്പൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
1172/2010.

LIBRARY ARCHIVES Kerala Legislative Assembly

(എ) 2000 ജനുവരിയിൽ മത്സ്യഫെഡും സിവിൽ സപ്ലൈസ് കോർപ്പറേഷനും സംയുക്തമായി ഔട്ട്ബോർഡ് എൻജിൻ പരിശോധനാ നടത്തിയിരുന്നുവോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിക്രമം എന്താ യിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഈ പരിശോധനയിൽ ഔട്ട്ബോർഡ് എൻജിനുള്ള നിരവധി മത്സ്യത്തൊഴിലാളികൾക്ക് എൻജിൻ ഇല്ലെന്ന് വ്യക്തമാക്കി മണ്ണെണ്ണ ലഭിക്കുവാൻ അർഹതയില്ലാത്തവരാക്കിയെന്ന പരാതി ഉണ്ടായിട്ടുണ്ടോ;

(ഡി) ഈ പരിശോധനയിൽ മണ്ണെണ്ണ പെർമിറ്റിന് അർഹതയുണ്ടെ ന്ന് കണ്ടെത്തി ചീട്ട് നൽകിയവരുടെ ചീട്ട് പിന്നീട് റദ്ദാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ അപ്രകാരം എത്രപേരുടെ ചീട്ട് റദ്ദാക്കിയിട്ടുണ്ട്?

ഉത്തരം

(എ) നടത്തിയിരുന്നു.

(ബി) സംസ്ഥാനത്തെ മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്ന എല്ലാ ഔട്ട്ബോർഡ് എഞ്ചിനുകളും പെർമിറ്റ് നിലവിലുണ്ടായിരുന്നവയും ഇല്ലാത്തവയും ഒരുമിച്ച് 16.1.2000-ന് പരിശോധനയ്ക്ക് വിധേയമാക്കി. സിവിൽ സപ്ലൈസ്, മത്സ്യഫെഡ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർ സംയുക്ത മായിട്ടാണ് പരിശോധന നടത്തിയിട്ടുള്ളത്. ആറു വർഷംവരെ പഴക്കമുള്ള എല്ലാ എഞ്ചിനുകളും പരിശോധനയ്ക്ക് വിധേയമാക്കി.

(സി) ഇല്ല

(ഡി) ഇല്ല

(ഇ) ചോദ്യം പ്രസക്തമല്ല.

104 (628) **മത്സ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യവിതരണം ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിച്ചതുമൂലമുള്ള ബുദ്ധിമുട്ട്**

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷ റീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചമാസക്ഷേമാശ്വാസപദ്ധതി പ്രകാരം മത്സ്യത്തൊഴിലാളി കളുടെ വിഹിതനിക്ഷേപം സ്വീകരിക്കുന്നതിനും ആനുകൂല്യം വിതരണം ചെയ്യുന്നതിനും ഗ്രാമപഞ്ചായത്തുകളെ ചുമതലപ്പെടുത്തിയതുമൂലം മത്സ്യ ത്തൊഴിലാളികൾക്ക് ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏകദേശം എല്ലാ ഗ്രാമപഞ്ചായത്തുകളിലും രണ്ടോ മൂന്നോ തീരപ്രദേശ വാർഡുകളെയുള്ളുവെന്നും അവയുടെ ഓഫീസുകൾ തീരപ്ര ദേശത്തുനിന്നും വളരെ അകലെയാണ് സ്ഥിതിചെയ്യുന്നത് എന്നും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) തീരപ്രദേശത്തെ മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ ക്ക് ഈ ചുമതല തിരികെ നൽകി ഉത്തരവു പുറപ്പെടുവിക്കുമോ?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly